പരിശുദ്ധാത്മാവേ വന്നെങ്ങളെ ഫലമുള്ള തരുക്കളായി വളർത്തണമേ

കൂരിരുൾ പാതയിൽ കൂടെയിരുന്നു

കൂടാര വാസത്തെ നയിക്കണമേ

പരിശുദ്ധാത്മാവേ   വന്നെങ്ങളെ ഫലമുള്ള തരുക്കളായി വളർത്തണമേ

ഉണങ്ങിയ അസ്ഥികൾ പുനരുയിർ ധരിച്ചതാം

അത്ഭുത ദർശനം കാട്ടിയോനെ (2)

മന്ദത മയക്കവും മരണാവസ്ഥയും നീക്കി

ഞങ്ങളെ ഇന്ന് നീ ഉണർത്തണമേ (2)

അഗ്നിയിൽ അഭിഷേകം ചെയ്യുക ഞങ്ങളെ

അത്ഭുത കാര്യങ്ങൾ വിവരിക്കുവാൻ (2)

ആയിരങ്ങൾ മനം തിരിഞ്ഞു നിന് ക്രൂശിന്റെ

പാതയിൽ അനുദിനം അനുഗമിപ്പാൻ(2)

കലക്കത്തിൻ ആത്മാവ് നീക്കണമേ

സ്വർഗ്ഗ പരിജ്ഞാന വരങ്ങളാൽ നിറക്കണമേ (2)

സ്നേഹം പ്രത്യാശയും വിശ്വാസ സ്ഥിരതയും

അടിയങ്ങൾക്കേകുവാൻ കനിയണമേ(2)